I/45068/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്, തമ്പാനൂർ,**
**തിരുവനന്തപുരം-695001**

## പത്രക്കുറിപ്പ്

## കീം-2023

**എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2023**
**എൻ.ആർ.ഐ വിഭാഗം അപേക്ഷകരുടെ ശ്രദ്ധക്ക്**

2023 വർഷത്തെ എം.ബി.ബി.എസ്./ബി.ഡി.എസ്. കോഴ്സുകളിലെ എൻ.ആർ.ഐ. ക്വോട്ട പ്രവേശനത്തിനായി കീം മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളിൽ അപേക്ഷയോടൊപ്പം സ്പോൺസറിൽ നിന്നുള്ള കാലാവധി കഴിഞ്ഞ/കാലവധി ഉടൻ കഴിയാറായ വിസ സമർപ്പിച്ചിട്ടുള്ളവർക്ക് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ കാലാവധി കഴിഞ്ഞ വിസ ഓൺലൈൻ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ സ്പോൺസറിൽ നിന്നുള്ള സത്യവാങ്മൂലം പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'Keam-2023 Candidate Portal'** മുഖേന 23.07.2023 **വൈകുന്നേരം 4.00 മണിക്കകം** അപ്‌ലോഡ് ചെയ്യേണ്ടതാണ്. എൻ.ആർ.ഐ കാറ്റഗറി പ്രവേശനത്തിനായി കാലാവധി കഴിഞ്ഞ/കഴിയാറായ വിസ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ സ്പോൺസറിൽ നിന്നും, സമർപ്പിക്കേണ്ട സത്യവാങ്മൂലം പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
20-07-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun K Vijayan
Date: 20-07-2023 17:46:18